# സഹൃദയ വീഥി

വെൽഫെയർ സർവീസസ് എറണാകുളം

പ്രതിവാര വാർത്താ പത്രിക

Vol. : 1 | 28 June 2021 | Issue : 9


## 400 കിലോഗ്രാം പടവലങ്ങ നഗരസഭ ഭക്ഷണശാലയിലേക്ക് നൽകി സഹൃദയ.



കൊച്ചി : കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ കൊവിഡ് രോഗികൾക്കായി സൗജന്യ ഭക്ഷണകിറ്റുകൾ ഒരുക്കുന്ന ഭക്ഷണശാലയിലേക്ക് 400 കിലോഗ്രാം പടവലങ്ങ നൽകി എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ. സഹൃദയ ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻസിൽ മയ്പ്പാൻ എന്നിവരുടെ നേതൃത്വത്തിൽ ഹോർട്ടിക്കോർപ്പ് മുഖേന ശേഖരിച്ച പടവലങ്ങകൾ കൊച്ചി മേയർ കെ. അനിൽകുമാർ ഏറ്റുവാങ്ങി. കഴിഞ്ഞ ദിവസങ്ങളിലായി നഗരസഭയുടെ ഭക്ഷണശാലകളിലേക്ക് നിരവധി പേരാണ് വിളിച്ചു ആവശ്യപ്പെടുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ സഹൃദയ വഴി ലഭിച്ച സഹായം ഏറെ വിലമതിക്കുന്നതാണെന്ന് മേയർ കെ. അനിൽകുമാർ വ്യക്തമാക്കി.

## അതിഥി തൊഴിലാളികൾക്ക് സാന്ത്വനമായി സഹൃദയയുടെ ഭക്ഷ്യ കിറ്റുകൾ.



പെരുമ്പാവൂർ: കൊവിഡ് ലോക്ഡൗൺ മൂലം വിഷമിക്കുന്ന പെരുമ്പാവൂർ മാവിൻചുവട് ഭാഗങ്ങളിലെ അതിഥി തൊഴിലാളികൾക്ക് എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ, കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസാ!!ൈ!!റ്റിയുടെ സ്വരുമ സുരക്ഷാ പ്രോജക്റ്റിന്റെ സഹകരണത്തോടെ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. അതിഥി തൊഴിലാളി ക്ഷേമത്തിനായി കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സഹൃദയ നടപ്പാക്കി വരുന്ന സുധാർ പദ്ധതിയുടേയും പ്രവാസി ബന്ധു മൈഗ്രന്റ്സ് റിസോഴ്സ് സെന്ററിന്റേയും ഭാഗമായാണ് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നതെന്ന് സഹൃദയ ഡയറക്ടർ ഫാ.ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു. സഹൃദയ സുധാർ പദ്ധതി കോഓർഡിനേറ്റർ അനന്തു ഷാജി, സ്വരുമ സുരക്ഷാ പദ്ധതി പ്രവർത്തകരായ രാഹുൽ, ലക്ഷ്മി, മഞ്ജു, വിമൽ എന്നിവർ സംഘാടകരായിരുന്നു.

# ലോക്ഡൗണിൽ വിശപ്പകറ്റാൻ മധുരക്കനികളുമായി സഹൃദയ



കൊവിഡ് ലോക്ഡൗണിൽ വിഷമിക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കളെത്തിച്ച് എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ മധുരക്കനി പദ്ധതി. അങ്കമാലി നടുവട്ടം ഇടവകയിലെ കർഷകരിൽ നിന്നു ശേഖരിച്ച ആറു ടൺ കപ്പ, ചക്ക, നേന്ത്രക്കായകൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ ചെറായി, തണ്ണീർമുക്കം, അച്ചിനകം, ഇടയാഴം പ്രദേശങ്ങളിൽ സഹൃദയയുടെ സന്നദ്ധ സേവന വിഭാഗമായ സഹൃദയ സമരിറ്റൻസ് വഴിയാണ് എത്തിച്ചു കൊടുത്തത്. ദുരിതബാധിത പ്രദേശങ്ങളിലുള്ളവർക്ക് ഭക്ഷ്യവസ്തുക്കൾ പരസ്പരം പങ്കു വയ്ക്കുന്നതിനായി സഹൃദയ ആവിഷ്കരിച്ചതാണ് മധുരക്കനി പദ്ധതിയെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തു വെള്ളിൽ പറഞ്ഞു. നടുവട്ടം ഇടവക വികാരി ഫാ.വർഗീസ് മാമ്പിള്ളിയുടെ നേതൃത്വത്തിൽ ശേഖരിച്ച കാർഷികോത്പന്നങ്ങളുടെ വിതരണത്തിന് ഫാ.ജോസ് കൊളുത്തു വെള്ളിൽ, ഫാ.അൻസിൽ മയ്പാൻ, നെൽവിൻ വർഗീസ്, മാർട്ടിൻ വർഗീസ് എന്നിവർ നേതൃത്വം നൽകി.

# ജനകീയ അടുക്കളകളിൽ മധുരക്കനി പദ്ധതി വഴി രണ്ടര ടൺ കപ്പ നൽകി സഹൃദയ



എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ കൊവിഡ് രോഗികൾക്ക് ഭക്ഷണം പാകം ചെയ്യുന്ന ജനകീയ അടുക്കളകളിലേക്ക് മധുരക്കനി പദ്ധതിയിലൂടെ ര്ര ടൺ കപ്പ നൽകി. നോർത്ത് കുത്തിയതോട് സെന്റ് തോമസ് ഇടവകയിലെ കർഷകരിൽ നിന്നും ശേഖരിച്ച രണ്ടര ടൺ കപ്പ സഹൃദയയുടെ സന്നദ്ധ സേവക കൂട്ടായ്മയായ സഹൃദയ സമരിറ്റൻസാണ് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി കൊവിഡ് രോഗികൾക്ക് ഭക്ഷണം ഒരുക്കുന്ന ജനകീയ അടുക്കളകളിൽ എത്തിച്ചു നൽകിയത്. കൊച്ചി കോർപറേഷൻ, എസ്. എസ് കലാമന്ദിർ എന്നിവിടങ്ങളിലെ ജനകീയ അടുക്കളകളിലേക്കും തുതിയൂർ സെന്റ് ജോസഫ് ഇടവകയിലേക്കുമായി കപ്പ വിതരണം ചെയ്യുന്നതിന് സഹൃദയ ഡയറക്ടർ ഫാ.ജോസ് കൊളുത്തുവെള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻസിൽ മയ്പ്പാൻ, സെന്റ് തോമസ് ഇടവക വികാരി ഫാ. ജോസ് മയ്പ്പാൻ, നെൽവിൻ വർഗീസ്, ഷിംജോ ദേവസ്യ എന്നിവർ നേതൃത്വം നൽകി. ഈ ലോക് ഡൗൺ കാലത്ത് ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ വിവിധ ഭാഗങ്ങളിലായി പതിനഞ്ചു ടണ്ണിലേറെ കപ്പ, ചക്ക, നേന്ത്രക്കായ തുടങ്ങിയ കാർഷികോത്പന്നങ്ങൾ മധുരക്കനി പദ്ധതി വഴി വിതരണം ചെയ്തു കൊ്് പങ്കുവയ്പിന്റെ

മഹത്തായ മാതൃക നൽകാൻ സാധിക്കുന്നുണ്ടെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു.

# ദുരിതബാധിതരായ തീരദേശനിവാസികൾക്ക് സഹൃദയയുടെ ഭക്ഷ്യകിറ്റുകൾ



പറവൂർ : കൊവിഡ് രണ്ടാം തരംഗവും, ടൗട്ടേ ചുഴലിക്കാറ്റും കടൽക്ഷോഭവും ഏല്പിച്ച ഇരട്ടപ്രഹരത്തിന്റെ ആഘാതം കുറക്കുന്നതിനായി ഗവണ്മെന്റ് നടത്തി വരുന്ന പ്രതിരോധപ്രവർത്തനങ്ങൾക്ക് സഹൃദയയുടെ കരുതൽ പദ്ധതി ഏറെ സഹായകരമാണെന്ന് ഹൈബി ഈഡൻ എം.പി.അഭിപ്രായപ്പെട്ടു. എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ പറവൂർ, വൈപ്പിൻ തീരദേശ മേഖലയിലെ ദുരിതബാധിതർക്ക് നൽകുന്ന ഭക്ഷ്യകിറ്റുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിൽ സാധ്യതകൾ പോലും ഇല്ലാതായ അവസരത്തിൽ ഭക്ഷണ കിറ്റുകൾ എത്തിച്ചു നൽകുന്നത് വലിയൊരു കാരുണ്യ പ്രവൃത്തിയാണെന്നും അദ്ദേഹം പറഞ്ഞു. കൊവിഡ് രോഗവും ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായ കടൽക്ഷോഭവും പറവൂർ,വൈപ്പിൻ തീര മേഖലകളിൽ ഏറെനാശം വിതച്ചിരുന്നു. ദുരിതബാധിതർക്ക് അവശ്യസാധനങ്ങളടങ്ങിയ ഭക്ഷ്യകിറ്റിനോടൊപ്പം മാസ്ക്, ഹാൻഡ്വാഷ് തുടങ്ങിയ ഹൈജീൻസാമഗ്രികളുമാണ് എത്തിച്ചിട്ടുള്ളതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ അറിയിച്ചു. ചെറായി, കുഴുപ്പിള്ളി, ഞാറക്കൽ, നായരമ്പലം എന്നീ സ്ഥലങ്ങളിലാണ് സഹൃദയ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തത്. സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻസിൽ മയ്പാൻ, സഹൃദയ സമരിറ്റൻസ് അംഗങ്ങളായ നെൽവിൻ വർഗീസ്, ഷിംജോ ദേവസ്യ, മാർട്ടിൻ വർഗീസ്, അനന്തു ഷാജി, അനൂപ് ആന്റണി എന്നിവരുടെ നേതൃത്വത്തിലാണ് ഭക്ഷ്യകിറ്റുകൾ വിവിധ സ്ഥലങ്ങളിൽ എത്തിച്ചു നൽകിയത്. ഞാറക്കൽ സെന്റ് മേരീസ് ദേവാലയത്തിൽ വച്ചു നടന്ന വിതരണോദ്ഘാടന ചടങ്ങിൽ ഇടവക വികാരി ഫാ. ജോസഫ് കരുമത്തി, ഡോണോ മാസ്റ്റർ, പഞ്ചായത്ത് മെമ്പർ ആശ എന്നിവരും സന്നിഹിതരായിരുന്നു.

# പഠനോപകരണങ്ങൾ വിതരണം ചെയ്തു



എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ ആഭിമുഖ്യത്തിൽ വടയാർ ഇൻഫന്റ് ജീസസ് ഹൈ സ്കൂൾ,മാർ സ്ലീബാ യു. പി. സ്കൂൾ, സെന്റ് ലൂയിസ് എൽ.പി.സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ മുന്നൂറോളം കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻസിൽ മൈപ്പാൻ എന്നിവർ ഇൻഫന്റ് ജീസസ് ഹൈസ്കൂളിൽ എത്തി ഹെഡ്മിസ്ട്രസ് എൽസി ജോണിന് പഠനോപകരണങ്ങൾ കൈമാറി. വടയാർ ഉണ്ണിമിശിഹാ പള്ളി വികാരിയും സ്കൂൾ മാനേജരുമായ ഫാ. ജോൺസൺ കുവേലി , കൈക്കാരന്മാരായ പോൾ അലക്സ് പാറശേരിൽ, ജോസഫ് തോട്ടപ്പിള്ളി, സഹൃദയ കോ ഓർഡിനേറ്റർ ആഷ്ബിൻ ആൻറു എന്നിവർ സന്നിഹിതരായിരുന്നു.

# സഹൃദയ പ്ലാസ്റ്റിക് ചാക്ക് ചലഞ്ചിൽ ഒറ്റമശേരി തീരത്ത് താത്കാലിക കടൽഭിത്തി



ആർത്തലച്ചു കയറിവരുന്ന കടൽത്തിരമാലകളെ പ്രതിരോധിക്കുന്നതിനായി പ്ലാസ്റ്റിക് ചാക്കുകളിൽ മണ്ണ് നിറച്ച് താത്കാലിക കടൽ ഭിത്തിയൊരുക്കാൻ ചേർത്തല ഒറ്റമശേരി തീരനിവാസികൾക്ക് കൈത്താങ്ങായി മാറുകയാണ് സഹൃദയയുടെ പ്ലാസ്റ്റിക് ചാക്ക് ചലഞ്ച് പദ്ധതി. ടൗട്ടെ ചുഴലിക്കാറ്റിനോടനുബന്ധിച്ചുïായ കടൽ കയറ്റത്തെ നേരിടാൻ അടിയന്തിരമായി ആയിരത്തോളം ചാക്കുകൾ നിരത്തി പ്രതിരോധമൊരുക്കിയെങ്കിലും അതിനും മേലെ തിരകളെത്തി ചാക്കുകളെ തന്നെ മണ്ണിലടിയിലാക്കിയിരുന്നു. അതിനു പിന്നാലെ എണ്ണായിരത്തിലേറെ ചാക്കുകൾ വിവിധ സ്ഥലങ്ങളിൽ നിന്ന് സംഘടിപ്പിച്ചു കൊïുവന്നാണ് കടലാക്രമണം അതിരൂക്ഷമായി നേരിടുന്ന വീടുകൾക്ക് കവചമൊരുക്കാൻ പത്തടിയിലേറെ വീതിയിൽ ഇപ്പോൾ കടൽ ഭിത്തി ഒരുക്കിയിട്ടുള്ളത്.

എറണാകുളംഅങ്കമാലി അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ കഴിഞ്ഞവർഷം ചെല്ലണം മേഖലയിൽ ഒരു ലക്ഷത്തിലേറെ ചാക്കുകളെത്തിച്ച് നിർമിച്ച കടൽഭിത്തി തീരനിവാസികൾക്ക് തീരെ ചെറുതല്ലാത്ത പ്രയോജനമുïാക്കിയെന്ന കïെത്തലാണ് ഒറ്റമശേരി കടൽ തീരത്തേയ്ക്കും പദ്ധതി എത്തിക്കാൻ പ്രേരിപ്പിച്ചതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു. സഹൃദയയുടെ സന്നദ്ധ പ്രവർത്തക കൂട്ടായ്മയായ സഹൃദയ സമരിറ്റൻസിന്റെ നേതൃത്വത്തിലാണ് പ്ലാസ്റ്റിക്ക് ചാക്ക് ചലഞ്ച് നടപ്പാക്കുന്നത്. ആവശ്യം കഴിഞ്ഞ് പ്ലാസ്റ്റിക് വലിച്ചെറിഞ്ഞ് പരിസ്ഥിതിക്കു ദോഷം വരുത്താതെ പ്രയോജനകരമായ കാര്യങ്ങൾക്കായി പുനരുപയോഗിക്കണമെന്ന ചിന്തയും ഇതിനു പിന്നിലുïെന്ന് ഫാ. ജോസ് അറിയിച്ചു. പ്രകൃതി ക്ഷോഭത്തിൽ ദുരിതബാധിതരായ ഒറ്റമശേരി നിവാസികൾക്ക് സഹൃദയയുടെ മധുരക്കനി പദ്ധതിവഴി കപ്പയും ചക്കയും ഉൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കളും എത്തിച്ചു നൽകിയിരുന്നു. സഹൃദയ അസി. ഡയറക്ടർ ഫാ. ആൻസിൽ മൈപ്പാൻ, സമരിറ്റൻസ് കോ ഓർഡിനേറ്റർ ലാൽ കുരിശിങ്കൽ,ജോസിൻ ജോൺ , ഷിംജോ ദേവസ്യ, ആഷ്ബിൻ ആന്റൊ , മാർട്ടിൻ വർഗീസ്, ഷാനോ ജോസ്, നെൽവിൻ വർഗീസ് എന്നിവർക്കൊപ്പം പ്രദേശവാസികളും കടൽഭിത്തി നിർമാണത്തിൽ പങ്കാളികളായി.

# അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി.




എറണാകുളംഅങ്കമാലി അതിരൂപത സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന സുധാർ പദ്ധതിയുടെ ഭാഗമായി ര ് തൊഴിലാളി കുടുംബങ്ങളിലെ ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. പെരുമ്പാവൂർ സാൻജോ ഹോസ്പിറ്റൽ അങ്കണത്തിൽ വളയൻചിറങ്ങര എസ് .എസ് .വി.കോളേജിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയായ ബീഹാർ സ്വദേശി പായൽകുമാരി, ഒഡീഷ സ്വദേശി ജിത്ത കുറ എന്നിവർക്കാണ് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ സ്കോളർഷിപ്പുകൾ നൽകിയത്. പായൽ കുമാരി കഴിഞ്ഞവർഷം എം.ജി.യൂണിവേഴ്സിറ്റി ബിരുദ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയിരുന്നു. സിസ്റ്റർ ആൽബിന, സഹൃദയ സുധാർ പദ്ധതി കോ ഓർഡിനേറ്റർ അനന്തു ഷാജി, മാർട്ടിൻ വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു.

## സഹൃദയയിൽ യോഗ ദിനാചരണം നടത്തി



**കോവിഡ് രോഗ മുക്തരിൽ ക്ുവരുന്ന ശ്വസന പ്രശ്നങ്ങൾക്ക് യോഗചര്യകളിലെ പ്രാണായാമ, നാഡി ശോധന വ്യായാമങ്ങൾ ഗുണപ്രദമെന്ന് കാണുന്നതായി അന്തർദേശീയ യോഗ പരിശീലകനായ ഫാ. പീറ്റർ തിരുതനത്തിൽഅഭിപ്രായപ്പെട്ടു. അന്തർദേശീയ യോഗാദിനാചരണത്തിൻറെ ഭാഗമായി സഹൃദയ ആത്മയോഗ അക്കാദമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗ പരിശീലനത്തിൽ സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. . സൂക്ഷ്മ വ്യായാമങ്ങളിൽ തുടങ്ങി ആസനകളിലൂടെ കപാലപതി, പ്രാണായാമ, ശ്വസന വ്യായാമങ്ങളിൽ മുന്നേറിയ പരിശീലനത്തിന് ഫാ. പീറ്റർ തിരുതനത്തിൽ നേതൃത്വം നൽകി. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ ഉദ്ഘാടനം ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് യോഗ പരിശീലനം നടത്തിയത്**

## കോവിഡ് പ്രതിരോധ കിറ്റ് നൽകി



**എറണാകുളംഅങ്കമാലി അതിരൂപത സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ വഴി നടപ്പാക്കുന്ന കരുതൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വയോജന,ഭിന്നശേഷി പരിപാലന ഭവനങ്ങൾക്കു നൽകുന്ന പ്രതിരോധ കിറ്റുകൾ കൂവപ്പടി ബദ്‌ലഹേം അഭയഭവന് കൈമാറി. ഫോഗിങ് മെഷിൻ, ഓക്സി മീറ്റർ, പി.പി.ഇ കിറ്റുകൾ, മാസ്കുകൾ, സാനിറ്റൈസർ,തുടങ്ങിയവ ഉൾപ്പെടുന്ന പ്രതിരോധ കിറ്റുകൾ ബദ്‌ലഹേം അഭയഭവൻ ഡയറക്ടർ ശ്രീമതി മേരി എസ്തപ്പാൻ, പ്രവർത്തകരായ എം.ആർ. ജോയി , ഷാജു എന്നിവർ ചേർന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻസിൽ മൈപ്പാൻ എന്നിവരിൽ നിന്ന് ഏറ്റുവാങ്ങി. അഭയഭവനിലെ നാനൂറോളം അന്തേവാസികൾക്ക് ഒരു മാസത്തേക്കുള്ള ഭക്ഷ്യവസ്തുക്കളും സഹൃദയ എത്തിച്ചു നൽകി.**